CENTRE FOR ENVIRONMENTAL EFFICIENCY

ENVIRONMENT & DEVELOPMENT
hand-in-hand
Global to Local

Reg. No.61/IV of 2013 of SRO EKM
G-2104 JNI Stadium
Kaloor, Kochi-682017
Mob:9447957102
www.centreforenvironmentalefficiency.org

# പത്രക്കുറിപ്പ്

## എർത്ത് ഓവർഷൂട്ട്ഡേ – നേരത്തെ തന്നെ – ജൂലായ് 29 ന് വരവായി

സെന്റർ ഫോർ എൻവിറോൺമെന്റൽ എഫിഷ്യൻസി 2013 മുതൽ ഒരു സർക്കാരേതര സ്ഥാപനമായി നിലനിന്നു പോകുന്നു. സ്ഥാപനം മുറുകെ പിടിച്ചിരിക്കുന്ന ആശയങ്ങളും അവലംബങ്ങളും ലോകനന്മയ്ക്ക് അത്യധികം ഉപകരിക്കുന്നതാണ്.

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് 'എൻവിറോൺമെന്റലി എഫിഷ്യന്റ് ഡവലപ്മെന്റ് മാനേജ്മെന്റ് സിസ്റ്റം ഇൻ ഗ്രയിറ്റർ കൊച്ചി ഇൻ കേരള സ്റ്റേറ്റ്' എന്ന ശീർഷകത്തിൽ നടത്തി അംഗീകരിച്ചിട്ടുള്ള ഗവേഷണ പ്രബന്ധത്തിന്റെ കാതലായ ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിനും ലോകത്തിന്റെ ശ്രദ്ധ തിരിക്കുന്നതിനും ആയി ഇൻഡ്യൻ ട്രസ്റ്റ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ളതാണ് ഈ സർക്കാരേതര സ്ഥാപനം.

യു.എൻ.ഡി.പിയുടെ മാനവശേഷി തിട്ടപ്പെടുത്തുന്ന രീതികളും ആഗോള സർക്കാരേതര സ്ഥാപനമായ ഗ്ലോബൽ ഫുട്ട്പ്രിന്റ് നെറ്റ്വർക്കിന്റെ (GFN) ആശയങ്ങളും കോർത്തിണക്കി **എൻവിറോൺമെന്റൽ – എഫിഷ്യൻസി**, **കാരീംഗ് – കപ്പാസിറ്റി** എന്നീ സൂചികകൾ (EE £ CC Indicators) എന്നതിലുപരി വിവിധതലങ്ങളിൽ ഇവ സുസ്ഥിര വികസനം ഉറപ്പാക്കേണ്ട മാർഗ്ഗമായി അവലംബിച്ചിട്ടുള്ളത് ഗവേഷണ പ്രബന്ധത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

കോവിഡാനുബന്ധ നടപടികൾ എന്ന രീതിയിൽ ഇന്നത്തെ ലോകത്തിന്റെ ആവശ്യം GDP ആധാരമാക്കിയുള്ള Linear - സാമ്പത്തികഘടന ഉപേക്ഷിച്ച് സർക്കുലർ - സാമ്പത്തിക ഘടന ഉൾക്കൊള്ളുന്നതിനായി എൻവിറോൺമെന്റൽ എഫിഷ്യൻസി എന്ന സൂചിക (EE) ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. EE ആധാരമാക്കിയുള്ള സർക്കുലർ - സാമ്പത്തിക ഘടന ഉൾക്കൊള്ളേണ്ടത് മാനവരാശിയുടെ നിലനിൽപ്പിന് അത്യാന്താപേക്ഷിതമാണ്.

ഈ വക കാര്യങ്ങളുടെ അറിവ് പകർന്നു കൊടുക്കുന്നതിലേക്കായി എർത്ത് ഓവർഷൂട്ട് ദിനത്തിൽ സെന്റർ ഫോർ എൻവിറോൺമെന്റൽ എഫിഷ്യൻസിയുടെ ആഭിമുഖ്യത്തിൽ ഒരു 'ഓൺലൈൻ ടോക്ക്' നടത്തുന്ന കാര്യം സസന്തോഷം അറിയിക്കുന്നു. ഭാരതത്തിലെ പേരറിയപ്പെട്ട സർവ്വകലാശാലയിൽ നിന്ന് രൂപീകൃതമായ ആശയങ്ങളിലേക്ക് ലോകത്തിന്റെ ശ്രദ്ധ തിരിക്കുന്നതിനായി നാമെല്ലാം ഒരുമിച്ച് പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും അഭിപ്രായപ്പെടുന്നു. ഈ അവസരത്തിൽ ഗ്ലോബൽ ഫുട്ട്പ്രിന്റ് നെറ്റ്വർക്ക് 2021, ജൂൺ 4ന് നടത്തിയിട്ടുള്ള പത്രക്കുറിപ്പിന്റെ കാതലായ ഭാഗങ്ങൾ താഴെ ചേർക്കുന്നു.

മഹാമാരിമൂലം ഉണ്ടാക്കപ്പെട്ട ലഘുവായ നേട്ടങ്ങൾ- 2020- ലെ വിഭവ ഉപയോഗത്തിലെ കുറവുകൾ താല്ക്കാലികം മാത്രം; ഭൂമി ഒട്ടാകെ ആവശ്യമായ ഒരു സാമ്പത്തിക തിരിച്ചെടുക്കലിന്റെ ആവശ്യകത ഇത് ഉയർത്തിക്കാട്ടുന്നു.

ഗ്ലോബൽ ഫുട്പ്രിന്റ് നെറ്റ്‌വർക്കിന്റേയും സ്കോട്ടിഷ് എൻവൺമെന്റ് പ്രൊട്ടക്ഷൻ ഏജൻസിയുടെയും (SEPA) പ്രതിനിധീകരിച്ച് ഗ്ലാസ്കോ സിറ്റി കൗൺസിലർ നേതാവായ Susan Aitken, 2021 ലെ എർത്ത് ഓവർഷൂട്ട്ഡേ- ജൂലൈ 29ന് ആഗതമാകുമെന്ന് ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിച്ചിരിക്കന്നു.

ഏകദേശം പകുതി വർഷം ബാക്കിനില്ക്കെ ജൂലായ് 29 ന് ഭൂമിയുടെ ജൈവസമ്പത്തിന്റെ (Biocapacity) 2021 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള വിഹിതം നാം ഉപയോഗിച്ചു കഴിഞ്ഞിരിക്കും. 'നാമെല്ലാവരും കാലാവസ്ഥ, പരിസ്ഥിതി എന്നിവയുടെ അടിയന്തിരമായ ഒരു പിടിയിലമർന്നിരിക്കുന്നുവെന്നതിനെപ്പറ്റിയുള്ള ഒരു ഓർമ്മപ്പെടുത്തൽ, അതാണ് ഈ എർത്ത് ഓവർഷൂട്ട് ഡേ എന്നത്,' അവർ പറഞ്ഞു.

2020 ൽ കൊറോണ വൈറസ് മഹാമാരിമൂലമുള്ള ലോക്ഡൗണുകളാൽ കുറെകൂടി താമസിച്ച് ഈ ദിവസം തള്ളിനീക്കപ്പെട്ടിരുന്നുവെങ്കിലും 2019 ലെ പോലെതന്നെ വളരെ നേരത്തെയാണ് ഈ വർഷം ഈ ദിവസം എത്തിയിരിക്കുന്നത്. ഇതിലേക്ക് നയിച്ച പ്രധാനപ്പെട്ടവ കാർബൺ ഫൂട്ട് പ്രിന്റിന്റെ കഴിഞ്ഞ വർഷം ഉണ്ടായ 6.6% വർദ്ധനയും ആഗോള വനജൈവ വൈവിദ്ധ്യത്തിലുണ്ടായ 0.5% കുറവുമാണ് - ആമസോൺ വനനശീകരണം കൊണ്ട് ബ്രസീലിൽ മാത്രം 1.1 മില്യൺ ഹെക്ടർ 2020- ലും 2021- ലേക്കുള്ള കണക്കാക്കലുകൾ പ്രകാരം 43% വർധന വർഷാവർഷമായുള്ള ആഗോള വനനശീകരണത്തിലുമുണ്ടാകുന്നു.

ലോക പരസ്ഥിതിദിനമായ ജൂൺ 5ന് യു.എൻ. എക്കോ സിസ്റ്റംസ് റെസ്റ്റൊറേഷൻ ദശകം പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ കോവിഡാനന്തര യുഗത്തിലേക്കുള്ള വീണ്ടെടുക്കൽ പദ്ധതികൾ വജയകരമാകണമെങ്കിൽ പുനരുജ്ജീവനവും പരിസ്ഥിതി വിഭവകാര്യക്ഷമതയും മുറുകെ പിടിക്കേണ്ടതാണെന്ന് ഈ ഡാറ്റ വ്യക്തമാക്കുന്നതായി ഗ്ലോബൽ ഫുട്ട് പ്രിന്റ് നെറ്റ്‌വർക്ക് CEO ലോറൽ ഹാൻസ്കോം പറഞ്ഞു.

ഭൂമി അതേവർഷത്തേക്ക് മുഴുവനായി പുനരുജ്ജീവനം ചെയ്യുന്ന ജൈവിക ശേഷി മുഴുവൻ മനുഷ്യരാശി ഉപയോഗിച്ചു കഴിയുന്ന ദിവസത്തെയാണ് ഓരോ വർഷത്തേയും എർത്ത് ഓവർഷൂട്ട്ഡേ ആയി രേഖപ്പെടുത്തുന്നത്. ഗ്രഹത്തിന്റെ പരിസ്ഥിതിക്ക് പുനരുജ്ജീവനം നടത്താനാവുന്നതിന്റെ 74% അധികമാണ് ഇപ്പോൾ മനുഷ്യരാശി ഉപയോഗിക്കുന്നത് - അല്ലെങ്കിൽ 1.7 ഭൂമി. എർത്ത് ഓവർഷൂട്ട് ഡേ മുതൽ വർഷാവസാനം വരെ ജൈവീകശേഷി കമ്മിയിലാണ് മാനവരാശി നിലനിൽക്കുന്നത്. ഈ കമ്മിയാണ് ലോകത്തെ ആഗോളതാപനത്തിലേക്ക് നയിക്കുന്നത്.




*യു.എൻ. ഡാറ്റാസെറ്റുകളെ ആധാരമാക്കിയുള്ള നാഷണൽ ഫുട്പ്രിന്റ് & ബയോ കപ്പാസിറ്റി അക്കൗണ്ട്സ് (NFA) പ്രകാരം, 1970കൾ മുതൽ ലോകം ഇക്കോളജിക്കൽ ഓവർഷൂട്ടിൽ പ്രവേശിച്ചിട്ടു ള്ളതും, 2021 ൽ ഉച്ചനിലയിൽ നിലനിൽക്കുന്നതായും കാണുന്നു.*

*2021-ൽ. ഗതാഗതം മൂലമുള്ള കാർബൺ ഫുട്പ്രിന്റ് മഹാമാരിക്കുമുമ്പുള്ളതിനേക്കാൾ കുറവാ ണ്. റോഡ് ഗതാഗതം, ആഭ്യന്തര വിമാനയാത്ര തുടങ്ങിയവ മൂലമുള്ള $CO_2$ പുറന്തള്ളൽ 2019 ലേതിനേ ക്കാൾ 5% കുറവും, ഇന്റർനാഷണൽ എനർജി ഏജൻസിയുടെ (IEA) കണക്കുകൾ പ്രകാരം രാജ്യന്തര വിമാനയാത്രയിൽ 33% കുറവ് പ്രതീക്ഷിക്കുന്നതായും കാണുന്നു. എന്നാൽ സാമ്പത്തിക മാന്ദ്യം നേരിടുന്നതിന് ഫോസിൽ ഇന്ധനങ്ങൾ ആവശ്യമായതിനെ തുടർന്നു ആഗോള ഊർജ്ജ സംബന്ധമായ $CO_2$ പുറന്തള്ളൽ കഴിഞ്ഞ വർഷത്തേക്കാൾ 4.8% വർദ്ധിക്കുന്നതായും, പ്രത്യേകിച്ചും ആഗോള കൽക്കരി ഉപയോഗത്തിൽ 2021 ൽ കുതിച്ചുചാട്ടം ഉണ്ടാകുന്നതായും, അത് ഈ വർഷത്തെ കാർബൺ ഫുട്ട് പ്രിന്റിന്റെ 40% ത്തോളമുള്ളതായും കണക്കാക്കപ്പെടുന്നു.*

*കഴിഞ്ഞവർഷം മഹാമാരി ലോകത്തിൽ ആഞ്ഞടിച്ചപ്പോൾ മറ്റെല്ലാത്തിലുമുപരിയായി മനുഷ്യജീവ നെ നിലനിർത്തുന്നതിനാവശ്യമായ നിയമങ്ങളും ചിലവഴിക്കലുകളും എങ്ങനെ ത്വരിതഗതിയിൽ നട ത്താമെന്ന് വിവിധ ഭരണസംവിധാനങ്ങൾ കാണിച്ചു തന്നിട്ടുണ്ട്. എന്നാൽ കാലാവസ്ഥ വ്യതിയാനം മൂല മുള്ള ആഘാതങ്ങളും ജൈവ സമ്പത്തിന്റെ നിലനിർത്തൽ തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾ കണക്കി*

ലെടുത്താൽ മാനവരാശിയെ നിലനിർത്തുന്നതിലേക്കായി അതീവ ജാഗ്രതയും ചടുലമായ നീക്കങ്ങളും ഭരണസംവിധാനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ക്ഷീണിതമായ ലോകം നവംബറിൽ അതിന്റെ ശ്രദ്ധ സ്കോട്ലന്റിലേക്കും cop26 ലേക്കും തിരിഞ്ഞിട്ടുള്ളതുപോലെ നമുക്കൊരുമിച്ച് ഗ്രഹത്തിന്റെ ദുരിതമെന്നതിലുപരി ഗ്രഹത്തിന്റെ ഉയർച്ചയെന്ന രീതി തെരഞ്ഞെടുക്കാം. മഹാമാരിയിൽ നിന്നും പാഠമുൾകൊണ്ട് ആഗോളമായി പദ്ധതികൾ തയ്യാറാക്കാനും പരസ്പരം കൈ കോർത്തിണക്കിയും സംരക്ഷിച്ചും മുന്നേറാനും നാം തയ്യാറാകണം.

അടിസ്ഥാന സൗകര്യങ്ങൾ, നിയന്ത്രണ അധികാരങ്ങൾ എന്നിവയിലൂടെ നഗരങ്ങൾക്ക് അവയുടെ വിഭവശേഷിയും ഭാവിയും കരുപ്പിടിപ്പിക്കുന്നതിനുള്ള കൃത്യമായ അവസരങ്ങളുണ്ട്. ഏത് അന്താരാഷ്ട്ര ധാരണക്കും മുകളിലായി, കാലാവസ്ഥ വ്യതിയാനവും ജൈവ സമ്പത്തിലുള്ള നിയന്ത്രണങ്ങൾക്കും അനുസൃതമായി തങ്ങളുടെ വികസന പദ്ധതികൾ ക്രമീകരിക്കേണ്ടതിന് നഗരങ്ങൾ പ്രാധാന്യം നൽകേണ്ടതാണ്. യാഥാർത്ഥ്യലോകത്ത് പ്രായോഗികമാക്കാവുന്ന മാതൃകകൾ വ്യക്തമായ പഠനങ്ങളിലൂടെ ഉരുത്തിരിയുവാൻ തരത്തിലുള്ള സാമൂഹ്യ- പരിസ്ഥിതി പരിഷ്കാരങ്ങളുടെ ജീവനുള്ള പരീക്ഷണശാലകളാണ് നഗരങ്ങൾ. യൂണിവേഴ്സിറ്റികൾക്ക് അവയ്ക്ക് ആതിഥ്യമരുളുന്ന നഗരങ്ങളുടെ പുരോഗതിക്കും സുസ്ഥിര ഭാവിക്കുമായി അവയുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുള്ള ഒരു ബാധ്യതയുണ്ടെന്ന് യൂണിവേഴ്സിറ്റി ഓഫ് ഗ്ലാസ്ഗോയുടെ സെന്റർ ഫോർ സ്ടെയിനബിൻ സൊലൂഷൻസിന്റെ ഡയറക്ടറായ Prof. Jaime Toney പറഞ്ഞു. Cop 26 ന്റെ സംഭാവനക്കുമപ്പുറത്തുള്ള ഒരു Climate - Resilient നഗരത്തിനു വേണ്ടിയുള്ള ഒരു പോസിറ്റീവ് മാറ്റത്തിനായി മനുഷ്യരും സ്ഥലവും ബന്ധപ്പെടുത്തിയ ഒരു സമീപനത്തിനാണ്, തങ്ങൾ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

എർത്ത് ഓവർഷൂട്ട് ഡേ നമ്മുടെ കാലാവസ്ഥ വ്യതിയാന പ്രതിരോധനത്തിനുള്ള പ്രഖ്യാപനമാകട്ടെയെന്ന് ഗ്ലാസ്ഗോസിറ്റി കൗൺസിൽ ലീഡർ സൂസൻ ആൾട്ട്കെൻ പറഞ്ഞു. Cop-26 ന്റെ ആധിഥേയരായ ഗ്ലാസ്ഗോയിലേക്കായിരിക്കും നവംബറിൽ ലോകത്തിന്റെ മുഴുവൻ കണ്ണുകളും - നമ്മുടെ ഗ്രഹത്തിന്റെ സുരക്ഷയും സുസ്ഥിരഭാവിയും മുന്നിൽ കണ്ടുള്ള തീരുമാനങ്ങളെടുക്കപ്പെടുന്ന കാലാവസ്ഥ ഉച്ചകോടി നടക്കുന്ന ഗ്ലാസ്ഗോയിലേക്ക് ലോകത്തിന്റെ മുഴുവൻ കണ്ണുകളും തിരിഞ്ഞിരിക്കുന്നു. നമുക്കെല്ലാവർക്കും കൂടി നമ്മുടെ ഗ്രഹത്തെ ഒന്നാക്കാം. നമുക്കൊരുമിച്ച് നീങ്ങാം. ആ Let us move the Date together.

താഴെ പറയുന്ന വെബ്സൈറ്റുകളിൽ നിന്ന് മേൽപ്പറഞ്ഞ കാര്യങ്ങളുടെ കൂടുതൽ വിവരങ്ങൾ സമാഹരിക്കാവുന്നതാണ്.

www.centreenvironmentalefficiency.org
www.footprintwonb.org
www.overshootday.org

**DR. MAY MATHEW**
**AUTHOR TRUSTEE**